മാത്രം പൂർത്തീകരിക്കുകയും ബാക്കി ഭാഗങ്ങൾ പണി നടക്കാതിരിക്കുകയും ചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയും വേഗം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂക്കണ്ണംകടവ് പാലത്തിന്റെ പണി പൂർത്തിയായ തൂണുകളുടെ ബലപരിശോധന നടത്തി റിപ്പോർട്ട് നൽകാനായി SERC ചെന്നൈയെ ഏൽപ്പിക്കുകയാണ്. അവരുടെ പഠനറിപ്പോർട്ട് കിട്ടിയാലുടനെ തന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

139 (1358) അപകട നിലയിലുള്ള പാലങ്ങൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം പൊതുമരാമത്ത് വകുപ്പ് റോഡുകളും പാലങ്ങളും സെക്ഷനിൽപ്പെടുന്ന ആയൂർ-ഇരവിപുരം റോഡിലെ കുളഞ്ഞിപ്പാലവും കടയ്ക്കൽ പാങ്ങോട് റോഡിലെ ചാന്നാട്ടുമുക്കുപാലവും അപകടകരമായ അവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്ത് അടിയന്തിര നടപടിയാണ് സ്വീകരിച്ചിരുന്നതെന്ന് അറിയിക്കുമോ;

(സി) ഈ പാലങ്ങൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) അടിയന്തിരമായി ഈ പാലങ്ങൾ പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) കുളഞ്ഞിപ്പാലത്തിന്റെ പുനർനിർമ്മാണത്തിനായ് 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ചാന്നാട്ടുമുക്ക് പാലത്തിന്റെ പുനർനിർമ്മാണത്തിനായി 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പരിശോധനയിലാണ്.

(ഡി) ഭരണാനുമതി നൽകി ആവശ്യമായ ഫണ്ടും ലഭ്യമായാലുടൻ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

140 (1359) ചിത്രപ്പുഴ പാലംപണി

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ സെൻട്രൽ സർക്കിളിൽ ഉൾപ്പെട്ട ചിത്രപ്പുഴ പാലത്തിന് കരാറുകാരൻ എഗ്രിമെന്റ് വയ്ക്കുമ്പോൾ എത്ര സ്പാൻ ആണ് ഉണ്ടായിരുന്നത്; എത്ര മീറ്റർ വീതം; ഇതിൽ പ്രീ-സ്ട്രെസ്സ് എത്ര സ്പാൻ ഉണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly